**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 366** **07-10-2024 - ൽ മറുപടിയ്ക്ക്**

**കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിന് മുമ്പ് നിർമ്മാണം പൂർത്തിയാക്കിയ സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ സ്കൂൾ കോമ്പൗണ്ടുകളിൽ വീണ്ടും അധിക നിർമ്മാണം നടത്തുന്നതിനായി നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം അനുമതി ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് നിർമ്മാണം പൂർത്തിയാക്കിയതും പിന്നീട് നിയമാനുസൃത അനുമതി നേടാതെയും കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടും നിർമ്മിതിയിൽ മാറ്റം വരുത്തുകയോ അധിക നിർമ്മാണം നടത്തുകയോ ചെയ്തിട്ടുള്ള ചില സ്കൂൾ കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ/ക്രമവൽക്കരണം അനുവദിച്ചു നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുവെങ്കിൽ സ്കൂൾ കെട്ടിടങ്ങളിലെ അധിക നിർമ്മാണങ്ങൾക്ക് അനുമതി നൽകുന്നതിന് തടസ്സമില്ല. |
| (ബി) | ഇതുമൂലം പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിന് അനുവദിക്കുന്ന ഫണ്ടുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് നയപരമായ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | നിർമ്മാണം പൂർത്തീകരിച്ച ശേഷം ചട്ടലംഘനങ്ങൾ സംഭവിച്ചതായി കണ്ടെത്തിയിട്ടുള്ളതും അക്കാരണം കൊണ്ടു തന്നെ ഒക്യുപൻസി നമ്പർ കിട്ടാത്ത സാഹചര്യമുണ്ടായിട്ടുള്ളതുമായ സ്കൂളുകൾക്ക് നിലവിലെ ബിൽഡിംഗ് റൂളിലെ അധികാര പരിധി ഉപയോഗിച്ച് സർക്കാരിന് കഴിയുന്ന ഇളവുകൾ അനുവദിക്കാവുന്നതാണ്. നിലവിലെ ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്ത പക്ഷം അവ എപ്രകാരം പരിഹരിക്കാനാകും എന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | മലപ്പുറം മണ്ഡലത്തിലെ മൊറയൂർ പഞ്ചായത്ത് പരിധിയിലുള്ള ഒഴുകൂർ ഗവൺമെന്റ് യു.പി. സ്കൂളിലെ കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള കവറേജ് പ്രശ്നം പരിഹരിക്കുവാൻ പ്രത്യേക അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (സി) | ഇല്ല.ഒഴുകൂർ ഗവൺമെന്റ് യുപി സ്കൂളിലെ കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള കവറേജ് പ്രശ്നം പരിഹരിക്കുന്നതിന് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭ്യമായതിനെ തുടർന്ന് ഈ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും 24.06.2024 - ലെ LSGD/PD/57827/2023-AR1നമ്പരായി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 3(4) പ്രകാരം ഇളവ് നൽകുന്നതിനായി ഏതൊക്കെ ചട്ടങ്ങളിലാണ് ഇളവ് നൽകേണ്ടത് എന്നത് സംബന്ധിച്ച് ചട്ടം 6 ൽ പറയും പ്രകാരം വിശദമായ പ്ലാനുകൾ തയ്യാറാക്കി അപേക്ഷ സമർപ്പിക്കുന്നതിന് 08.07.2024 ലെ ആർബി3/328/2023-തസ്വഭവ നമ്പർ കത്ത് പ്രകാരം ഒഴൂർ സ്കൂൾ ഹെഡ് മാസ്റ്റർക്ക് നിർദ്ദേശം നൽകുകയും വിവരം മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.10.2023 ലെ ത.സ്വ.ഭ.വ/പി.ഡി./57827/2023-എ.ആർ.1 നമ്പർ കത്തിന്റെയും ജോയിന്റ് ഡയറക്ടറുടെ ത.സ്വ.ഭ.വ./ ജെ.ഡി./എം.പി.എം./7078/2023-എഫ്4 നമ്പർ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (ഡി) | ഇല്ല.ഒഴൂർ ഗവൺമെന്റ് യുപി സ്കൂളിലെ കെട്ടിടം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനുള്ള കവറേജ് പ്രശ്നം പരിഹരിക്കുന്നതിന് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ ലഭ്യമായതിനെ തുടർന്ന് ഈ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടുകയും 24.06.2024 - ലെ LSGD/PD/57827/2023-AR1നമ്പരായി ലഭ്യമാക്കിയ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് കെട്ടിടനിർമാണ ചട്ടങ്ങൾ 2019-ന്റെ ചട്ടം 3(4) പ്രകാരം ഇളവ് നൽകുന്നതിനായി ഏതൊക്കെ ചട്ടങ്ങളിലാണ് ഇളവ് നൽകേണ്ടത് എന്നത് സംബന്ധിച്ച് ചട്ടം 6 ൽ പറയും പ്രകാരം വിശദമായ പ്ലാനുകൾ തയ്യാറാക്കി അപേക്ഷ സമർപ്പിക്കുന്നതിന് 08.07.2024 ലെ ആർബി3/328/2023-തസ്വഭവ നമ്പർ കത്ത് പ്രകാരം ഒഴൂർ സ്കൂൾ ഹെഡ് മാസ്റ്റർക്ക് നിർദ്ദേശം നൽകുകയും വിവരം മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ